## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 114** **29-01-2024 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ പി.എസ്.ഒ പ്രതിപക്ഷ യുവജന സംഘടനക്കാരെ മർദ്ദിച്ചത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ വാഹനവ്യൂഹം ആലപ്പുഴയിലൂടെ കടന്നു പോകവെ മുദ്രാവാക്യം വിളിച്ച പ്രതിപക്ഷ വിദ്യാർത്ഥി യുവജന പ്രവർത്തകരെ സുരക്ഷാ ചുമതലയിലുണ്ടായിരുന്ന പൊലീസ് സംഘം അവരുടെ നിയന്ത്രണത്തിലാക്കിയതിന് ശേഷം, മുഖ്യമന്ത്രിയോടൊപ്പം സഞ്ചരിക്കേണ്ട ഒരു പേഴ്സണൽ സെക്യൂരിറ്റി ഓഫീസർ മുഖ്യമന്ത്രി പോയികഴിഞ്ഞശേഷം അകമ്പടി വാഹനത്തിൽ നിന്നിറങ്ങി പോലീസിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന പ്രവർത്തകരെ വടി ഉപയോഗിച്ച് തലയ്ക്കടിച്ച സംഭവത്തിൽ പരാതി ലഭിച്ചിട്ടും കേസെടുക്കുന്നതിൽ പോലീസിനു പറ്റിയ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും ഒരു നവകേരള സൃഷ്ടിക്കായുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനും ലക്ഷ്യമിട്ടാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്. ചില യുവജന സംഘടനകൾ തുടക്കം മുതൽ തന്നെ മുഖ്യമന്ത്രി ഉൾപ്പെടെ മന്ത്രിമാർ സഞ്ചരിച്ച വാഹനങ്ങളെ തടസ്സപ്പെടുത്തിയും വാഹനത്തിന് നേരെ അക്രമസംഭവങ്ങൾ സംഘടിപ്പിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനാധിപത്യപരമായി സംഘടിപ്പിച്ച പ്രതിഷേധങ്ങൾക്കെതിരെ ഒരു പോലീസ് നടപടിയും ഉണ്ടായിട്ടില്ല. |
| (ബി) | പരാതി ലഭിച്ചിട്ട് എത്ര ദിവസം കഴിഞ്ഞാണ് ഇക്കാര്യത്തിൽ കേസെടുത്തത്; | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ആലപ്പുഴ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ പി.എസ്. ഒ ക്കെതിരെ കേസെടുത്ത പോലീസ് ഏതെല്ലാം വകുപ്പുകളാണ് ടിയാനെതിരെ ചുമത്തിയിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | ബഹു.കോടതിയുടെ നിർദ്ദേശത്തെ തുടർന്ന് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 1574/2023 U/s 294(b), 324, 325 IPC പ്രകാരം അന്വേഷണം തുടർന്നു നടത്തുന്നതിലേക്ക് ബഹു.കോടതി മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ